LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വികലാംഗർക്ക് 3% ജോലി നൽകുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി. ഇത് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് നോക്കാൻ ഒരു പ്രത്യേക സെൽ രൂപീകരിച്ച് അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 1981-ൽ മൂന്ന് ശതമാനമെന്നാണ് പറഞ്ഞത്. ഇന്ന് ആണ്ടോടാണ്ട് 150 പോസ്റ്റ് വികലാംഗർക്കുവേണ്ടി നീക്കി വയ്ക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും എടുക്കണമെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ അത് നടക്കുന്നില്ല. നടക്കാത്തതുകൊണ്ടാണ് ഞങ്ങൾ ഇത് പരിശോധിച്ചത്.

ശ്രീ. ചെർക്കളം അബ്ദുള്ള : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വികലാംഗർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ധാരാളം പെട്ടിക്കടകൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി അനുവദിച്ചിരുന്നു. ഈ പ്രാവശ്യം ഇങ്ങനെ പെട്ടിക്കടകൾ നൽകുന്നതിന് വല്ല പരിപാടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 1981-ലെ വികലാംഗ വർഷം 1000 ബങ്കുകൾ എന്നുള്ള ഒരു സ്കീമായിരുന്നു എടുത്തിരുന്നത്. കുറെ സ്ഥലങ്ങളിൽ കൊടുത്തു. അത് പലതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റോഡുവികസനത്തിന്റെ പേരിൽ മാറിയിരുന്നു. അതാണ് വന്നത്. ബാങ്കിൽനിന്നും പലിശ ഇല്ലാത്ത 4000 രൂപ കടം വാങ്ങിച്ച് കൊടുത്തു തുടങ്ങിയ ബങ്കുകളാണ്. ഇന്നിപ്പോൾ നമ്മൾ ഒരു സ്കീം വച്ചിട്ട് പഞ്ചായത്തുകൾക്ക് എഴുതിയിരിക്കുകയാണ്. അതായത് ഒരു പഞ്ചായത്ത് ഒരു കട വീതമെങ്കിലും, പൊളിച്ചുമാറ്റേണ്ടാത്ത സ്ഥലത്ത് അവർക്ക് കൊടുക്കത്തക്കവിധത്തിലുള്ള നടപടി ഉണ്ടാകണമെന്ന്.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

* 3. [200] ശ്രീ. പി. രവീന്ദ്രൻ :
,, വി. കെ. രാജൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, എ. എം. പരമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏത്ര ജില്ലകളെ വ്യാവസായികമായി പിന്നോക്കം നിലനിൽക്കുന്നവയായി കേന്ദ്രം ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഏഴു ജില്ലകൾ.

(ബി) മേശപ്പുറത്ത് വച്ചിട്ടുണ്ട്. *

* അനുബന്ധം II

ശ്രീ. പി. രവീന്ദ്രൻ : ഇൻഡ്യാ ഗവൺമെൻറ് മുൻപ് സീറോ ഇൻഡസ്ട്രി എന്ന് പ്രഖ്യാപിച്ചിരുന്ന ജില്ലകളിൽ ഗ്രോത്ത് സെൻറർ സ്ഥാപിക്കുന്നതിന് മുൻഗണന നൽകണമെന്നുള്ള എന്തെങ്കിലും നിർദ്ദേശം പിന്നീട് കേന്ദ്രഗവൺമെൻറിൽനിന്നും ഉണ്ടായിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പിന്നീട് വന്ന നിർദ്ദേശമെല്ലാം നോ ഇൻഡസ്ട്രിയൽ ജില്ല എന്നാണ് ; അവിടത്തെ ecology-യ്ക്ക് വ്യത്യാസമില്ലാത്ത രീതിയിലുള്ള വ്യവസായം വരേണമെന്നാണ്. അതിൽ പറഞ്ഞിരിക്കുന്നത്. musical instruments-ഉം മറ്റും ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള നടപടിയായിരിക്കണമെന്നാണ്. ഗ്രോത്ത് സെൻറർ എന്നുള്ള നിലയിൽ പറഞ്ഞിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ : ഈ ജില്ലകളെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്നതായിട്ട് തിരിച്ചിട്ടുള്ളത് കേന്ദ്രഗവൺമെൻറാണ്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് എന്തെല്ലാം പ്രത്യേക സഹായങ്ങളാണ് നമ്മുടെ സംസ്ഥാന ഗവൺമെൻറ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പിന്നോക്ക ജില്ലയെന്നുള്ള പ്രഖ്യാപനം സെൻട്രൽ ഗവൺമെൻറ് പിൻവലിച്ചിട്ടില്ലെങ്കിൽ പോലും non-manufacturing unit-ന് 30-9-1989-മുതലും manufacturing unit-ന് 31-12-1989-മുതലും കേന്ദ്ര സബ്സിഡി പിൻവലിച്ചിട്ടുണ്ട്. അതിനുശേഷം സംസ്ഥാന ഗവൺമെൻറ് ഇത് നിനപ്പുററി വിലയിരുത്തി. എല്ലാ ജില്ലകൾക്കും ഒരുപോലെ ബാധകമാകത്തക്കവിധത്തിൽ 5% സബ്സിഡി കൊടുക്കാനുള്ള തീരുമാനമെടുത്തു. സബ്സിഡിയുടെ കാര്യത്തിനുവേണ്ടിയാണ് ഈ ജില്ലകളെ പിന്നോക്കമാക്കിയത്. 30-9-1989-മുതൽ നോൺ മാനുഫാക്ചറിംഗ് യൂണിറ്റിനും 31-12-1989-മുതൽ മാനുഫാക്ചറിംഗ് യൂണിറ്റിനും സബ്സിഡി നിർത്തിയെന്നു മാത്രമല്ല സെൻട്രൽ ഇൻവെസ്റ്റ്മെൻറ് സബ്സിഡി ഇനത്തിൽ തരാനുണ്ടായിരുന്ന 11.12 കോടി രൂപ നമുക്ക് ഇതുവരെ കേന്ദ്രഗവൺമെൻറ് തന്നിട്ടില്ല. പണത്തിൻറെ ബുദ്ധിമുട്ട് പറഞ്ഞ് ഇന്നും അവർ തരാതിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ : പിന്നോക്കം നിൽക്കുന്ന ഏഴു ജില്ലകളെ മൂന്നുതരമായിട്ട് തിരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അന്നവർ എടുത്തിരുന്ന മാനദണ്ഡം ഞാൻ പറയാം.

Total per capita income from mining industry, number of workers required in registered factories, per capita annual consumption of electricity, length of service, surface road in relation to population, area of state, railway mileage in relation to population. അതിൻറെ അടിസ്ഥാനത്തിലാണ് പിന്നോക്ക ജില്ല കണക്കാക്കിയിരിക്കുന്നത്.

ശ്രീ. വി. കെ. രാജൻ : വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽപോലും വ്യവസായങ്ങളെല്ലാം ഏതിനും ചില പ്രദേശങ്ങളിൽ മാത്രമാണ് വരുന്നത്. നമ്മുടെ കടലോര മേഖല വ്യവസായത്തിന് വളരെ പിന്നോക്കമാണ്. ഈ അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി ഇത്തരം പ്രദേശങ്ങളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രത്യേക വല്ല പ്രോജക്ടും തയ്യാറാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സംസ്ഥാന ഗവൺമെന്റിനെ അതിന് പറ്റുകയുള്ളൂ. വ്യവസായം വരണമെന്നുണ്ടെങ്കിൽ അത് എവിടെ തുടങ്ങണമെന്നു പറഞ്ഞാൽ പറ്റുകയില്ല. വ്യവസായികൾക്ക് അതിനുള്ള അവകാശം വിട്ടുകൊടുത്തിരിക്കുകയാണ്. ഇന്നിപ്പോൾ കൂടുതൽ വ്യവസായങ്ങൾ വരുന്നത് എറണാകുളം, പാലക്കാട് ജില്ലകളിലാണ്. അവരുടെ കൂടെ അവിടെ തുടങ്ങരുതെന്ന് പറഞ്ഞാൽ അവർ മാറു സ്റ്റേറ്റിൽ എവിടെയെങ്കിലും പോകും. സ്വാഭാവികമായും ഈ രണ്ട് ജില്ലകളാണ് അവർ തെരഞ്ഞെടുക്കുന്നത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : രജിസ്റ്റർ ചെയ്ത ഫാക്ടറി തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പിന്നോക്ക ജില്ലകൾ തീരുമാനിക്കുന്നതെന്നു പറഞ്ഞു. ഈ അടിസ്ഥാനത്തിൽ കൊല്ലം ജില്ല ഇന്ന് വ്യവസായ മുന്നോക്ക ജില്ലയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കശുവണ്ടി ഫാക്ടറി തൊഴിലാളികളാണ് ഇതിന് അടിസ്ഥാനമായിട്ട് എടുക്കുന്നത്. ആ വ്യവസായം, സീസണലായിട്ട്, ചുരുക്കം മാസങ്ങളിൽ മാത്രം പണിയുള്ള വ്യവസായമെന്നുള്ള നിലയിൽ, കൊല്ലം ജില്ല വ്യവസായ പിന്നോക്ക ജില്ലയായി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കേന്ദ്രഗവൺമെന്റ് നിശ്ചയിച്ച കാര്യമാണ് പറഞ്ഞത്. ഇനി ഇപ്പോൾ അങ്ങനെ നിശ്ചയിച്ചിട്ട് വല്ല ഗുണവുമുണ്ടോ ? സബ്സിഡി അവർ പിൻവലിച്ചു. സംസ്ഥാന ഗവൺമെന്റ് ഒരു ജില്ലയെ സംബന്ധിച്ചും ഇപ്പോൾ യാതൊരു വിവേചനവും കാണിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പണം നോക്കിയിട്ട് എല്ലാ ജില്ലകൾക്കും 5% വീതം കൊടുത്തുകൊള്ളാൻ പറഞ്ഞു. ചില സ്പെഷ്യൽ ഇൻഡസ്ട്രീസിന് സബ് ഏരിയ ഇൻഡസ്ട്രീസ് എന്ന് പറയും, അത് ഇൻഡസ്ട്രീസിനാണ് പ്രത്യേകം ജില്ലയ്ക്കല്ല.

ശ്രീ. കെ. ആർ ചന്ദ്രമോഹനൻ : സർ, ചില ജില്ലകളിൽ തന്നെ യാതൊരു വ്യവസായവുമില്ലാത്ത ചില ബ്ലോക്ക് പ്രദേശങ്ങളുണ്ട്. അത്തരം പ്രദേശങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സഹായങ്ങളോ മറ്റോ ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : നേരത്തെയുള്ള റെക്കമെന്റേഷനിൽ ഇല്ലായിരുന്നെങ്കിലും ചെറുകിട വ്യവസായം ജില്ലാകൗൺസിലുകൾക്ക് ഇന്ന് വിട്ടുകൊടുത്തിരിക്കുകയാണ്. ഈ അസന്തുലിതാവസ്ഥ മാറാൻ തക്കവിധം ഡിസ്ട്രിക്ട് കൗൺസിലിന് ചെറുകിട വ്യവസായങ്ങൾക്കുള്ള ലൈസൻസ് കൊടുക്കാനുള്ള അധികാരം കൊടുത്ത് അത് പരിപോഷിപ്പിക്കാനുമാവശ്യമായ സംവിധാനമുണ്ടാക്കുകയാണ്.

ശ്രീ. എ. എം. പരമൻ : സർ, കഴിഞ്ഞ കാലത്ത് സംസ്ഥാന ഗവൺമെന്റ് കൊടുത്ത സബ്സിഡി ഇനത്തിലുള്ള 11 കോടിയിൽപ്പരം രൂപ കേന്ദ്രഗവൺമെന്റ് തന്നിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആ 11 കോടിയിൽപ്പരം രൂപ കിട്ടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്, അത് ബുക്ക് അഡ്ജസ്റ്റ്മെന്റ് എന്നുള്ള നിലയിൽ എടുക്കുന്നതിനു വല്ല നടപടിക്കും സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ബുക്ക് അഡ്ജസ്റ്റുമെന്റിലൊക്കുമോ എന്തോ. അവർ ആദ്യം ഇതിന് പ്രീ-രജിസ്ട്രേഷൻ വേണമെന്ന് പറഞ്ഞുനോക്കി. കേരളത്തിൽ പ്രീ-രജിസ്ട്രേഷൻ എന്നു പറയുന്ന തത്വം അനുഷ്ഠിച്ചിരുന്നില്ല. അതിന് മുൻപ് സെൻട്രൽ സബ്സിഡി തരികയും ചെയ്തു. ആദ്യം ഇത് പറഞ്ഞുനോക്കി. അതെല്ലാം കഴിഞ്ഞ് ഇപ്പോൾ പണം തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ നേരിട്ട് പോയി പറഞ്ഞിട്ടുണ്ട്, മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. വി. പി. സിംഗ് ഉണ്ടായിരുന്നപ്പോൾ അദ്ദേഹത്തിനുള്ള മെമ്മോറാണ്ടത്തിൽ ചേർത്തു, ഉദ്യോഗസ്ഥൻമാരെ കണ്ടു. ഇപ്പോഴും ആളുകൾ പോയി അവിടെ കുറെ ദിവസം താമസിക്കുന്നുണ്ട്. 11 കോടി രൂപയെന്നു പറഞ്ഞാൽ കേരളത്തെ സംബന്ധിച്ച് വലുതാണ്. പ്രത്യേകിച്ച് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് വളരെ വലുതാണ്. അത് വാങ്ങുന്നതിനുവേണ്ടി ഞങ്ങൾ ചെയ്യാവുന്നതെല്ലാം ചെയ്തു നോക്കുന്നുണ്ട്.

ശ്രീ. എ. എം. പരമൻ : സർ, കെ. എസ്. ഐ. ഡി. സി. നമ്മുടെ വ്യവസായ മേഖലയിൽ പുതിയ വ്യവസായങ്ങൾ വളർത്തുന്നതിന് ചില പ്രോജക്ടുകളും മറ്റും തയ്യാറാക്കി കൊടുക്കുന്നുണ്ട്. അത്തരം പ്രോജക്ടുകൾ തയ്യാറാക്കി കൊടുക്കുന്നതിന് എല്ലാ ജില്ലകൾക്കും സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകുന്നുണ്ട്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് മുൻഗണന നൽകിക്കൊണ്ട് വ്യവസായങ്ങൾ ആരംഭിക്കാൻ ആവശ്യമായ നടപടിയെടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അവർ പ്രോജക്ട് മാത്രമേ തയ്യാറാക്കുന്നുള്ളൂ. പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞാൽ എവിടെ തുടങ്ങണമെന്ന് നോക്കേണ്ട ആവശ്യം അവർക്കില്ല. 850 കോടി രൂപയാണ് പ്രോജക്ടിന് വന്നിരിക്കുന്നത് എന്നു വിചാരിക്കുക. അവർ പറയുന്നു അവർക്ക് എറണാകുളം വേണമെന്ന്. അപ്പോൾ അതല്ല കണ്ണൂർ വയ്ക്കണമെന്ന് ഞാൻ പറഞ്ഞാൽ പിറേറ ദിവസം അവർ വേറെ എവിടെയെങ്കിലും പോകും. അതാണ് ഇന്ന് നടക്കുന്നത്. ഇന്നിപ്പോൾ കേരളത്തിനാവശ്യം കൂടുതൽ വ്യവസായം വരികയെന്നുള്ളതാണ്. എവിടെയെന്ന് നമ്മൾ നോക്കേണ്ട. കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയിൽ 1760-ഓളം കോടി രൂപയുടെ പ്രോജക്ടുകൾക്ക് എം. ഒ. യും സൈൻ ചെയ്യാൻ സാധിച്ചതുതന്നെ ഇതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടാണ് ചിലതൊക്കെ നടത്താൻ കഴിഞ്ഞത്. ഞാൻ വ്യവസായ മന്ത്രിയാണ്, അതുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ വേണമെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. കേരളത്തിൽ വ്യവസായം വരിക എന്നതാണ് ഇതിനകത്തുള്ളത്. അതുകൊണ്ട് ഒരു പ്രോജക്ട് ഇന്നയിടത്തുതന്നെ നടത്തണമെന്ന് തീരുമാനിക്കുന്നില്ല. ലാഭകരമായി നടത്താൻ പറ്റുന്ന സ്ഥലം അവർ നോക്കും. കെ. എസ്. ഐ. ഡി. സി. പ്രൈവറ്റ് എൻറർപ്രൈസസിനെ സഹായിക്കാനുള്ള ഒരു സ്ഥാപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ ജില്ലകളിൽ വ്യാവസായിക മുന്നോക്കാവസ്ഥ ഉണ്ടാക്കുന്നതിനും വേണ്ടി വ്യാവസായിക-സാങ്കേതിക രംഗത്ത് ഉപദേശം നൽകാൻ നിയോഗിക്കപ്പെട്ട ശ്രീ. കെ. പി. പി. നമ്പ്യാരുടെ രാജി മാർക്സിസ്റ്റ് പാർട്ടിയിലെ ഒരു ലോപിയുടെ സമ്മർദ്ദത്തിന്റെ ഭാഗമായിട്ടാണ് (ബഹളം)..... കേരളത്തിലെ ജനങ്ങൾക്ക് അറിയാൻ താൽപ്പര്യമുള്ള ഒരു വിഷയമാണ്. എന്തിനാണ് ഇത്ര പ്രകോപിതരാകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഒരു പ്രകോപനവുമില്ല. നമ്പ്യാർക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടെങ്കിൽ നമ്പ്യാരുടെ അഭിപ്രായം തന്നെ ആയിരിക്കും ഗവൺമെന്റിന്റെയും അഭിപ്രായം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വികലാംഗരായ കുട്ടികളെ സ്കൂളിൽ കൊണ്ടു പോകാനും അതുപോലെ ജോലി ചെയ്തു ജീവിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളെ ജോലി സ്ഥലങ്ങളിൽ പോകാനും. ഇപ്പോഴും അവരുടെ മാതാപിതാക്കളും അവരെ ചുമന്നു കൊണ്ടാണ് പോകുന്നത്. ഇതിനു മാറ്റം വരുത്താൻ, സ്വയം ഒടിച്ചു പോകുന്ന വീൽ ചെയറുകളും നിർമ്മിക്കുന്ന ഒരു ഫാക്ടറി, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതും ഒരു വ്യവസായമാണല്ലോ. അതിനെക്കുറിച്ച് ഇപ്പോഴും ഗവൺമെന്റ് ആലോചിച്ചിട്ടില്ല. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലയാണ് തിരുവനന്തപുരം എങ്കിൽ ആ തിരുവനന്തപുരത്തിന് ഈ ഗവൺമെന്റ് വന്നതിനുശേഷം അർഹമായ സ്ഥാനം കിട്ടിയിട്ടുണ്ട്. ഇവിടെ ഹൈടെക്ക് വന്നിട്ടുണ്ട്. ടെക്നോളജി വർക്ക് ഇവിടെയാണ് തുടങ്ങുന്നത്. ഇത് രണ്ടും ഗവൺമെന്റ് നടത്തുന്ന സ്ഥാപനമാണ്. അതുകൊണ്ട് പിന്നോക്കമെന്നതു പരിഗണിച്ചിട്ടില്ലെന്നു പറയുന്നത് ശരിയല്ല. വീൽ ചെയർ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഇപ്പോഴും ആലോചിച്ചിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലാണ് വ്യവസായികളും വ്യവസായങ്ങളും ആരംഭിക്കാൻ മുന്നോട്ടും വരുന്നത് എന്നു മന്ത്രി പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിക്കു കൂടി നേരിട്ട് അറിവുള്ളതാണ് ആലപ്പുഴ ജില്ല. കേരളത്തിൽ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ആലപ്പുഴ പോലുള്ള ജില്ലകളിൽ വ്യവസായികളെ കൂടുതൽ ആകർഷിക്കുന്ന നിലയിൽ വൻകിട വ്യവസായങ്ങളാരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേക സബ്സിഡികളും കൊടുത്ത് പ്രോൽസാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പ്രത്യേകമായിട്ട് ആലപ്പുഴയ്ക്കു മാത്രം പറയുമോ ? ഞാൻ കേരളത്തിലെ മന്ത്രിയല്ലേ ? ആലപ്പുഴയിൽ പലർ പല സൗകര്യങ്ങളും വച്ചുകൊണ്ട് വരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് എം. ഒ. യു. സൈൻ ചെയ്തതിലുണ്ട്. ആലപ്പുഴയേക്കാളും മോശമായ ജില്ലകളുമുണ്ട്. കാസർഗോഡിനെക്കുറിച്ച് നിങ്ങൾ എന്ത് പറയും ? ആലപ്പുഴയിൽ നിന്ന് വന്ന മന്ത്രിയായതുകൊണ്ട് ആലപ്പുഴയോട് സ്നേഹമില്ലാഞ്ഞിട്ടല്ല. കേരളം ഒന്നാണ്.

കായികതാരങ്ങൾക്ക് പ്രോൽസാഹനം നൽകാൻ നടപടി

* 4. [201] ശ്രീ. നിക്കോളാസ് റോഡ്രിഗ്സ് :
,, കെ. പി. മമ്മുമാസ്റ്റർ :
,, ആർ. ഉണ്ണിക്കൃഷ്ണപിള്ള :
,, എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സ്പോർട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഭിരുചിയുള്ള കായിക താരങ്ങളെ കണ്ടുപിടിച്ച് പ്രോൽസാഹനം നൽകുന്നതിനും ഉയർത്തിക്കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 3 (200) 624 കാണുക]

'എ' വിഭാഗം ജില്ലകൾ

ഇടുക്കി, വയനാട്.

'ബി' വിഭാഗം ജില്ലകൾ

മലപ്പുറം, കണ്ണൂർ, ആലപ്പുഴ

'സി' വിഭാഗം ജില്ലകൾ

തിരുവനന്തപുരം, തൃശ്ശൂർ.

(കേന്ദ്ര ഗവൺമെൻറ് നിശ്ചയിച്ച തരം തിരിവാണ് ഇത്).

ജില്ലാ പുനർ വിഭജനത്തിനുശേഷം പുതുതായി രൂപീകരിക്കപ്പെട്ട പത്തനംതിട്ട ജില്ലയിൽ പഴയ ആലപ്പുഴ ജില്ലയിൽനിന്നു ചേർത്ത ഭാഗത്തിനും കണ്ണൂർ ജില്ലയിൽനിന്നും വേർതിരിച്ച കാസർഗോഡ് ജില്ലയ്ക്കും 'ബി' വിഭാഗത്തിൻെറ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് സംസ്ഥാന സർക്കാർ 'ബി' ജില്ലയ്ക്ക് 'എ' വിഭാഗത്തിൻെറ ആനുകൂല്യങ്ങളും നൽകി വരുന്നു.

എന്നാൽ കേന്ദ്ര ഗവൺമെൻറ് കേന്ദ്ര സബ്സിഡി 31-12-1989 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly